# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം അവസാനഘട്ടത്തിൽ

കൊച്ചി: യന്ത്രവത്കൃത തെങ്ങു കയറ്റത്തിന് പുത്തൻ മാനം നൽകിയ ചങ്ങാതി കൂട്ടത്തിന്റെ രണ്ടാം ഘട്ട പരിശീലന പദ്ധതി കോട്ടയം, ആലപ്പുഴ ജില്ലയിൽ അവസാനഘട്ടത്തിൽ. യന്ത്ര സഹായത്തോടെ തെങ്ങുകയറി വരുമാനം നേടാനുള്ള അവസരമാണ് ചങ്ങാതി പരിശീലനത്തിലൂടെ ലഭിക്കുന്നത്. പരിശീലനം കഴിഞ്ഞ ചങ്ങാതിമാർക്ക് ദിവസവും 600 രൂപ മുതൽ 1500 രൂപ വരെ വരുമാനം നേടുവാൻ സാധിക്കുന്നുണ്ട്. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ചങ്ങാതികൾക്ക് ഇരുചക്ര വാഹനങ്ങൾ വാങ്ങുന്നതിന് ലോൺ അനുവദിക്കുന്നുണ്ട്. ഇത്തരത്തിൽ സ്ഥിരമായ വരുമാനവും ഒട്ടനവധി തൊഴിലവസരങ്ങളും നൽകുന്ന ചങ്ങാതിക്കൂട്ടം രണ്ടാംഘട്ട പരിശീലനം ഈ മാസം അവസാനിക്കും. മാർച്ചിൽ ജില്ലയിലെ കോട്ടയം സർവീസ് സൊസൈറ്റിയിൽ (കെ എസ് എസ്) നടത്തുന്ന പരിശീലന പരിപാടിയിൽ ആദ്യം അപേക്ഷിക്കുന്ന 100 പേർക്കു മാത്രമാണ് പരിശീലനം നൽകുക.

ചങ്ങാതി കൂട്ടത്തിന്റെ ഭാഗമായി പരിശീലനത്തിനു തിരഞ്ഞെടുക്കപ്പെടുന്നവർക്ക് കേരകൃഷിയുടെ ശാസ്ത്രീയ വശങ്ങളെക്കുറിച്ചും, പരിപാലന രീതിയെക്കുറിച്ചും വിദഗ്ധർ ക്ലാസുകളെടുക്കും. ആറു ദിവസത്തെ പരിശീലനത്തിൽ തെങ്ങു കയറ്റം, തെങ്ങു കയറ്റ യന്ത്ര പരിചയം, വിത്ത് തേങ്ങാ സംഭരണം, ആശയ വിനിമയം, സമ്പാദ്യ ശീലം, കൃത്രിമ പരാഗണം, മരുന്നു തളിക്കൽ, സങ്കരണ വിദ്യ, കേര സംരക്ഷണം തുടങ്ങിയവും പാഠ്യ വിഷയമാകും. പരിശീലന കാലയളവിൽ ശാരീരികവും മാനസികവുമായ ആരോഗ്യം ഉറപ്പിക്കുവാൻ ജോഗിംഗും, വ്യായാമവും, ശ്വസന പരിശീലനവും,യോഗാ ക്ലാസുകളും നടത്തുന്നുണ്ട്.

സ്ഥിര വരുമാനം ആഗ്രഹിക്കുന്ന 18നും 40 നും ഇടയിൽ പ്രായമുള്ള പൂർണ ആരോഗ്യമുള്ള യുവതീയുവാക്കളെയാണ് പരിശീലനത്തിലേക്ക് ക്ഷണിക്കുന്നത്. അപേക്ഷകർ കുറഞ്ഞത് ഏഴാംക്ലാസ് പാസായിരിക്കണം. ഒരു ബാച്ചിൽ ഇരുപത്പേർക്ക് താമസിച്ചുള്ള പരിശീലനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ആറുദിവസം നീളുന്ന പരിശീലന പരിപാടിയിൽ താമസ സൗകര്യം, ഭക്ഷണം എന്നിവ ലഭ്യമാണ്, കൂടാതെ 150 രൂപ ദിവസ ബത്തയും ലഭിക്കുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തെങ്ങുകയറ്റ മെഷീനും ,നാളികേര വികസന ബോർഡ് സൗജന്യമായി നൽകുന്നു. കൂടാതെ സൗജന്യ ഇൻഷുറൻസും ഏർപ്പെടുത്തിയിട്ടുണ്ട്.

കോട്ടയം, ആലപ്പുഴ ജില്ലകളിൽ നിന്നും നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേരോത്പാദക സംഘങ്ങൾക്ക് കുറഞ്ഞത് അഞ്ച് ചങ്ങാതിമാരെ പരിശീലനത്തിലേക്ക് തിരഞ്ഞെടുത്തയക്കാം. ഉല്പാദക സംഘങ്ങളിലേക്ക് ഇവരുടെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്യാം. യന്ത്രവത്കൃത തെങ്ങുകയറ്റം ഒരു തൊഴിലായി സ്വീകരിച്ച് നല്ല വരുമാനം ലഭിക്കുവാനും അതോടൊപ്പം കേരകർഷകർക്ക് വിളിപ്പാടകലെ സേവനമൊരുക്കുവാനും താല്പര്യമുള്ള യുവജനങ്ങൾ 9447335839 എന്ന നമ്പറിൽ ബന്ധപ്പെടണം.